# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 25 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: പ്രതിരോധ പ്രവർത്തന ഏകോപനം; ഉദ്യോഗസ്ഥരെ നിയമിച്ചു

കോവിഡ് 19 ഹോം ഐസൊലേഷൻ പ്രോട്ടോകോൾ അനുസരിച്ച് ക്വാറന്റൈനിലുള്ളവരെ നിരീക്ഷിക്കുന്നതിനും ക്വാറന്റൈനിൽ തുടരുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഇവർക്ക് ആവശ്യമായ സഹായം, സാന്ത്വനം, സഹകരണം നൽകുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച സുരക്ഷാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച നിരീക്ഷണ സമിതികളുടെ മേൽനോട്ട ഏകോപനത്തിന് ഉദ്യോഗസ്ഥർക്ക് ചുമതല നൽകി. . ഇതിന്റെ മേൽനോട്ടത്തിനായി ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തി. നിരീക്ഷണ സമിതികളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഏകോപനത്തിനായി എൽ എ ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ് കുമാറിനെ ചുമതലപ്പെടുത്തി. ഡെപ്യൂട്ടി കളക്ടറെ സഹായിക്കുന്നതിനായി കെ ബിലാൽ ബാബു, ആർ ആർ ഡെപ്യൂട്ടി തഹസിൽദാർ, കളക്ടറേറ്റ് ജൂനിയർ സൂപ്രണ്ടുമാരായ തോമസ് എം എ, രമേശ് എ എസ്, ജോൺസൺ വി പി, ചന്ദ്രിക കണിയൊത്തുപൊയിൽ എന്നിവരെയും നിയോഗിച്ചു. സുരക്ഷാക്രമീകരണവും ലംഘിച്ച് പൊതുജനമധ്യത്തിൽ വരുന്നവർക്കെതിരെ റിപ്പോർട്ട് നൽകുകയും മാതൃകാപരമായ ശിക്ഷാ നടപടി സ്വീകരിക്കും. കോവിഡ് 19 വൈറസിന്റെ സാമൂഹിക വ്യാപനം ഉണ്ടാവുകയാണെങ്കിൽ ജനങ്ങളെ ചികിത്സിക്കുന്നതിനും നിരീക്ഷണത്തിൽവെക്കുന്നതിനുമുള്ള സജ്ജീകരണം ഒരുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചത്

വെബ് സോഷ്യൽ മീഡിയ മോണിറ്ററിങ് -ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ എൻ ഐ സി, അവശ്യസാധനങ്ങളുടെ വിതരണം ഉറപ്പാക്കൽ- ഡെപ്യൂട്ടി കളക്ടർ ആർ ആർ, ലോജിസ്റ്റിക്സ്-ഡെപ്യൂട്ടി കളക്ടർ എൽ ആർ, എയർപോർട്ട് - ഹുസൂർ ശിരസ്തദാർ എന്നീ ഉദ്യോഗസ്ഥരും ചുമതല നിർവഹിക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. ഈ ഉദ്യോഗസ്ഥർ പ്രതിദിന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## കോവിഡ് 19: റവന്യൂ ഓഫീസുകളുടെ പ്രവർത്തനം ക്രമീകരിച്ചു

കോവിഡ് 19 രോഗബാധയെത്തുടർന്ന് 21 ദിവസത്തേക്ക് ലോക്ഡൗൺ പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ ജില്ലയിലെ കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ ഒഴികെയുള്ള ബാക്കിയുള്ള മുഴുവൻ റവന്യൂ ഓഫീസുകളും അടച്ചിടണമെന്ന് ജില്ലാ കളക്ടർ

എസ് ഷാനവാസ് ഉത്തരവിട്ടു. വില്ലേജ് ഓഫീസുകളിൽ ഒരു ജീവനക്കാരനെങ്കിലും ഹാജരാവണം. വില്ലേജ് ഓഫീസിലെ ജീവനക്കാർ ഹാജരാകേണ്ടത് റവന്യൂ ജോലികൾക്ക് വേണ്ടിയല്ല, മറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പഞ്ചായത്ത് അംഗങ്ങൾ എന്നിവരുമായി ബന്ധപ്പെട്ട് അവരവരുടെ വില്ലേജുകളിലെ കോവിഡ് നിരീക്ഷണത്തിലുള്ളവരുടെ ഭക്ഷണം, അന്യസംസ്ഥാന തൊഴിലാളികളുടെ ഭക്ഷണം ഉറപ്പുവരുത്താനാണ്. നിരീക്ഷണത്തിലിരിക്കുന്നവർ അലക്ഷ്യമായി നടന്ന് സമൂഹ വ്യാപനം ഉണ്ടാകുന്നത് തടയാൻ പോലീസ്, ആരോഗ്യവകുപ്പ്, തഹസിൽദാർമാർ എന്നിവരെ അറിയിക്കണം. വില്ലേജിലെ മരണം, ഹോസ്പിറ്റൽകേസ്, അത്യാഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ മജിസ്ട്രേറ്റുമായി ആശയവിനിമയം നടത്തി വേണ്ട ക്രമീകരണം ചെയ്യണം. അവശ്യസാധനങ്ങളുടെ പൂഴ്ത്തിവെയ്പ്, കരിഞ്ചന്ത മുതലായവ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ ഉടൻ തന്നെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് , താലൂക്ക് സപ്ലൈ ഓഫീസ്, ലീഗൽ മെട്രോളജി എന്നിവരെ അറിയിക്കണം. വില്ലേജുകളിലുള്ള ജീവനക്കാർ തുടർച്ചയല്ലാത്ത ദിവസങ്ങളിൽ ഹാജരാകണം. ഓഫീസ് ഫോണിന്റെ പ്രവർത്തനം ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക് കൈമാറണം. അക്കാര്യം അതാത് വില്ലേജ് ഓഫീസർമാർ നിർവ്വഹിക്കണം. വില്ലേജുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, പോലീസ്, ആരോഗ്യം, സിവിൽ സപ്ലൈസ്, തൊഴിൽ വകുപ്പ്, പഞ്ചായത്ത് സെക്രട്ടറിമാർ, ഡിഡിപി എന്നിവരുമായി കാര്യനിർവഹണത്തിനായി കൈമാറണം. ജില്ലാഭരണകൂടത്തെയും താലൂക്കിന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി കളക്ടറെയും വിവരം അറിയിക്കണം.

മറ്റ് റവന്യൂ സബ് ഓഫീസുകൾ അടച്ചിടണം. അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ മജിസ്ട്രേറ്റ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്നിവരുടെ ഉത്തരവ് പ്രകാരം കോവിഡ് 19 രോഗബാധയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നിയോഗിച്ച ജീവനക്കാർ മാത്രം ഓഫീസുകളിൽ ഹാജരാകണം. മറ്റ് ജീവനക്കാർ ഈ ദിവസങ്ങളിൽ എല്ലാ സമയത്തും ഫോൺ മുഖേനയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേനയോ ഓഫീസ് മേധാവിയുമായി ബന്ധപ്പെടാൻ കഴിയുന്നു എന്ന് ഉറപ്പു വരുത്തണം. ഓഫീസ് മേധാവി ആവശ്യപ്പെടുന്ന പക്ഷം അടിയന്തരഘട്ടത്തിൽ ഓഫീസിൽ ഹാജരാകണം.

## കോവിഡ് 19: അഗതികൾക്ക് ആശ്രയം ഒരുക്കി കോർപ്പറേഷൻ

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരപരിധിയിൽ കിടക്കാൻ സ്ഥലം ഇല്ലാതെ അലഞ്ഞുതിരിയുന്ന അഗതികൾക്കും ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവർക്കും സുരക്ഷിത സ്ഥാനം ഒരുക്കി തൃശൂർ കോർപ്പറേഷന്റെ മാതൃക പ്രവർത്തനം. തൃശൂർ ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർസെക്കന്ററി സ്കൂളിലാണ് ഏതാണ്ട് ഇരുന്നൂറോളം വരുന്ന അഗതികളെ പാർപ്പിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ നിർദ്ദേശപ്രകാരമാണിത്. കോർപ്പറേഷൻ മേയർ അജിത ജയരാജൻ, ഡെപ്യൂട്ടി മേയർ റാഫി ജോസ്, ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ് കുമാർ, ഡിപിഎം ഡോ. സതീശൻ ടി വി എന്നിവരുടെ നേതൃത്വത്തിലാണ് സ്കൂൾ പരിസരം വൃത്തിയാക്കി ക്ലാസ്മുറികൾ ശുചീകരിച്ചു അഗതികളെ പ്രവേശിപ്പിച്ചത്.

ഇവർക്ക് ആവശ്യമായ ഭക്ഷണവും ചികിത്സിക്കാൻ ഡോക്ടർമാരും മരുന്നും ഇവിടെത്തന്നെ ഒരുക്കും. കർഫ്യൂ കാലാവധി കഴിയുന്നതുവരെ ഇവിടെ സുരക്ഷിതമായി താമസിക്കുന്നവർക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുമെന്ന് മേയർ അജിത ജയരാജൻ പറഞ്ഞു.

ആവശ്യമായ ഭക്ഷണം ഒരുക്കാൻ കുടുംബശ്രീയെയും സന്നദ്ധ സംഘടനകളെയും സ്വകാര്യ വ്യക്തികളെയും ഏർപ്പെടുത്തുമെന്നും മേയർ അറിയിച്ചു. ഇപ്പോൾ അവർക്കുള്ള ഭക്ഷണം വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നാണ് എത്തിക്കുന്നതെന്ന് മേയർ പറഞ്ഞു.അംഗസംഖ്യ വർധിച്ചു വരുന്ന സാഹചര്യത്തിലും അവർക്കാവശ്യമുള്ള കിടപ്പാടവും ഭക്ഷണവും ഒരുക്കും.

## ലോക് ഡൗൺ കമ്മ്യൂണിറ്റി കിച്ചണുമായി കൊടകര പഞ്ചായത്ത്

ലോക് ഡൗണിന്റ സാഹചര്യത്തിൽ എല്ലാവർക്കും ഭക്ഷണം എത്തിക്കുന്നതിന് കമ്മ്യൂണിറ്റി കിച്ചൺ സംവിധാനവുമായി കൊടകര ഗ്രാമപഞ്ചായത്ത്. പുറത്തിറങ്ങി ജോലിക്ക് പോകാൻ

കഴിയാത്ത സാഹചര്യത്തിൽ മൂന്നു നേരത്തെ ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് കമ്മ്യൂണിറ്റി കിച്ചൺ സംവിധാനത്തിലൂടെ ഭക്ഷണം വിതരണം ചെയ്യും. ഇതിനായി ഓരോ വാർഡിലും നാല് പേരടങ്ങുന്ന സംഘങ്ങളെ നിയോഗിക്കും. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കും. ഇവർക്ക് കമ്മ്യൂണിറ്റി കിച്ചൺ വഴി മൂന്നു നേരവും ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പ് വരുത്തും. ഇതര സംസ്ഥാനങ്ങളിൽ നിന്ന് ജോലിക്കും മറ്റുമായി പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവർക്കും ലോക് ഡൗണിന്റെ ഭാഗമായി സഹായം ലഭ്യമാക്കും. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നതും സാമ്പത്തികമായി മുന്നിട്ട് നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് ഹോം ഡെലിവറി സംവിധാനം കൂടുതൽ ശക്തമാക്കും. ഇവർക്കായി വാങ്ങുന്ന സാധങ്ങളുടെ ബില്ല് പിന്നീട് അതത് വ്യാപാര കേന്ദ്രങ്ങളിൽ അടക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തും. പഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും ഭക്ഷ്യ സാധനങ്ങളുടെ 30 ശതമാനം സ്റ്റോക്ക് നിർബന്ധമായും ഉണ്ടായിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് പി ആർ പ്രസാദൻ പറഞ്ഞു. ലോക്ക് ഡൗണിന്റ കർശന നിർദ്ദേശങ്ങൾ നിലനിൽക്കുമ്പോഴും ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്ത് അധികൃതർ 24 മണിക്കൂറും സജ്ജമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കോവിഡ് 19: കുന്നംകുളത്ത് പോലീസിന്റെ കർശന പരിശോധ

കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ സർക്കാർ ലോക്ക്ഡൗൺ നിർദ്ദേശിച്ചതിനെ തുടർന്ന് കുന്നംകുളത്ത് പോലീസ് കർശന പരിശോധന നടത്തി. രാവിലെ ഏഴുമുതൽ കുന്നംകുളം നഗരത്തിലെ വടക്കാഞ്ചേരി, ഗുരുവായൂർ, പട്ടാമ്പി റോഡുകളിലാണ് പരിശോധന നടത്തിയത്. കുന്നംകുളം സി ഐ, കെ ജി സുരേഷ്, എസ് ഐ ബാബു എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പരിശോധന നടത്തിയത്.

കൃത്യമായ ആവശ്യങ്ങൾ ഇല്ലാതെ വന്ന വണ്ടികൾ പോലീസ് തടഞ്ഞിട്ടു. നിശ്ചിത രേഖകളില്ലാതെയും ലൈസൻസ് ഇല്ലാതെയും പിടിച്ച വാഹനങ്ങളും ഇവയിൽ ഏറെയുണ്ട്. ടൗണിൽ പലചരക്ക് കടകളും പച്ചക്കറി കടകളും മെഡിക്കൽ ഷോപ്പുകളും സൂപ്പർമാർക്കറ്റുകളും നിശ്ചയിച്ച പ്രകാരം തുറന്നു. ടൗണിൽ പ്രവർത്തനമുള്ള കടകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ വരുന്നവരെ പോലീസ് തടസ്സമില്ലാതെ കടത്തിവിട്ടു. ആവശ്യങ്ങളില്ലാതെ വാഹനങ്ങളുമായി ടൗണിലേക്ക് വരുന്നത് ഉപേക്ഷിക്കണമെന്നും വെറുതെയുള്ള യാത്രകൾ ഒഴിവാക്കണമെന്നും പോലീസ് എല്ലാവർക്കും നിർദ്ദേശം നൽകുകയും ചെയ്തു. നിർദേശങ്ങൾ അനുസരിക്കാത്തവർക്കെതിരെ പോലീസ് കേസ് ചാർജ് ചെയ്യുന്നുണ്ട്. ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കുന്നംകുളത്ത് സർക്കാർ നിർദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുക മാത്രമാണ് ചെയ്യുന്നതെന്നും അത്യാവശ്യങ്ങൾക്ക് മാത്രം പുറത്തിറങ്ങണമെന്ന നിർദ്ദേശം എല്ലാവർക്കും നൽകുന്നുണ്ടെന്നും കുന്നംകുളം എസ് ഐ ബാബു പറഞ്ഞു.

## കുന്നംകുളം നഗരസഭ ബജറ്റ്: നഗരവികസനത്തിന് മുൻതൂക്കം

കുന്നംകുളം നഗരവികസനത്തിന് മുൻതൂക്കം നൽകി 2020-21 സാമ്പത്തിക ബജറ്റ് കുന്നംകുളം നഗരസഭ ചെയർപേഴ്സൺ നഗരസഭ കൗൺസിലിൽ അവതരിപ്പിച്ചു. നഗരസഭ കൗൺസിൽ ഹാളിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് നിർദ്ദേശിച്ച മുൻകരുതലുകൾ പാലിച്ചുകൊണ്ട് കൗൺസിലർമാരും ഉദ്യോഗസ്ഥരും നിശ്ചിത അകലങ്ങളിൽ സുരക്ഷാക്രമീകരണങ്ങൾ എല്ലാം കൃത്യമായി ഉപയോഗപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ ബജറ്റ് അവതരണം പൂർത്തിയാക്കി. ഭരണസമിതിയുടെ അഞ്ചാമതും അവസാനത്തേതുമായ ബജറ്റാണിത്.

83,83,05,260 രൂപയുടെ തൻ വർഷ വരവും ഉൾപ്പെടെ 88,97,24,334 രൂപ ആകെ വരവും 85,11, 47,051 രൂപ തൻ വർഷ ചെലവും 3,85,77,283 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2020- 21 വർഷത്തെ മതിപ്പ് ബഡ്ജറ്റുമാണ് ചെയർപേഴ്സൺ സീത രവീന്ദ്രൻ അവതരിപ്പിച്ചത്.

## പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ബജറ്റ്:
## ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ചുള്ള ക്രമീകരണം
# ആരോഗ്യ, കുടിവെള്ള, കാർഷിക മേഖലയ്ക്കും, അങ്കണവാടി കെട്ടിടങ്ങൾക്കും മുൻഗണ

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് - ആരോഗ്യ, കുടിവെള്ള, കാർഷിക മേഖലകൾക്കും അങ്കണവാടി കെട്ടിടങ്ങൾക്കും മുൻതൂക്കം നൽകി കൊണ്ടുള്ള നിർദ്ദേശങ്ങൾ ഉശക്കൊണ്ടുള്ള ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഷീബ ഗിരീഷ് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സി.വി.കുരിയാക്കോസ് അദ്ധ്യക്ഷനായിരുന്നു. ആരോഗ്യ മേഖലയിൽ കൊറോണ പ്രതിരോധത്തിന് തോളൂർ സി.എച്ച്.സി.യിൽ ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റ്, വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം, കാർഷിക മേഖലയിൽ വിവിധ പാടശേഖരങ്ങൾക്ക് മോട്ടോർ പമ്പ് സെറ്റുകൾ വാങ്ങി നൽകുക എന്നിവയ്ക്കാണ് ബജറ്റിൽ പ്രത്യേക പരിഗണന നൽകി. 16.39 കോടി വരവും 16.33 കോടി ചെലവും കണക്കാക്കിയുള്ള മിച്ച ബജറ്റ് ആണ് അവതരിപ്പിച്ചത്. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം, വനിത ശാക്തീകരണം, ഭിന്നശേഷി-പട്ടികജാതി വികസനം എന്നിവർക്കും പ്രത്യേക പരിഗണന നൽകി. കോവിഡ് 19 തയ്യാറെടുപ്പിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ പ്രത്യേക നിർദ്ദേശം അനുസരിച്ചാണ് ബജറ്റ് യോഗം വിളിച്ചു ചേർത്തത്. മുൻ ബ്ലോക്ക് പ്രസിഡണ്ട് അഡ്വ.ലൈജു.സി.എടക്കളത്തൂർ, അഡ്വ. ബിജു വർഗ്ഗീസ്, സീനിയർ അംഗം പി.കെ.പുഷ്പാകരൻ, സ്ഥിരം സമിതി അദ്ധ്യക്ഷൻമാരായ എം.ടി.സന്തോഷ്, ടി.ജയലക്ഷ്മി ടീച്ചർ, രഞ്ജു വാസുദേവൻ ബ്ലോക്ക് പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട് സുമ ഹരി, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ അഡ്വ.സോളി ജോസഫ്, സുജാത മുരളീധരൻ, വനജ റാഫി, അഞ്ജലി സതീഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരായ സി.ജെ.ആന്റോ, ബിന്ദു ബെന്നി തുടങ്ങിയവർ പങ്കെടുത്തു.

# ഭിന്നശേഷിക്കാർക്ക് വിൽവട്ടത്തും ഒളരിയിലും ബഡ്സ് സ്കൂളുകൾ

ഭിന്നശേഷിക്കാർക്ക് പരിശീലനത്തിനായി വിൽവട്ടത്തും ഒളരിയിലും ബഡ്സ് സ്കൂളുകൾ ഒരുങ്ങുന്നു. ഒരു കോടി രൂപ ചെലവിലാണ് സ്കൂളുകൾ നിർമ്മിക്കുന്നത്. ഭിന്നശേഷിക്കാരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ മൾട്ടി സെൻസറിങ് റീഹാബിലിറ്റേഷൻ സെന്ററിനായി 50 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. ഓഡിറ്ററിങ് ട്രെയിനിങ്, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്ക്യുപ്പേഷണൽ തെറാപ്പി, സ്പെഷ്യൽ എജ്യുക്കേഷൻ, കൗൺസിലിംഗ്, തൊഴിലധിഷ്ഠിത പരിശീലനം, കോക്ളിയാർ ഇമ്പ്ലാന്റിങ്, സ്വഭാവവൈകൃത തെറാപ്പി, മ്യൂസിക് തെറാപ്പി എന്നീ സൗകര്യങ്ങളെല്ലാം ഈ ബഡ്സ് സ്കൂളുകളിൽ ഉണ്ടാകും.

ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി കെട്ടിടം നിർമ്മിക്കും. പ്രത്യേക സർവേ നടത്തി ഇവിടേക്കുള്ള കുട്ടികൾക്ക് പ്രവേശനം നൽകും. ഇവരെ പരിചരിക്കുന്നതിന് പ്രത്യേക ബിരുദം നേടിയവരെയും നിയമിക്കും. ഭിന്നശേഷിക്കാരുടെ അമ്മമാർക്ക് വരുമാനം കണ്ടെത്തുന്നതിനായി ഷീ ഓട്ടോ സർവീസ് തുടങ്ങാൻ സഹായം നൽകും. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംഗീത നൃത്ത നാടക പഠനകേന്ദ്രങ്ങൾ തുടങ്ങും. എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ പ്രതിമാസം നിശ്ചിത തുക നൽകും. ഭിന്നശേഷി കുട്ടികളുമായി നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന രക്ഷിതാക്കൾക്ക് വിശ്രമിക്കാനും ഭക്ഷണം നൽകാനും കുട്ടികളെ സുരക്ഷിതമായി ഏൽപ്പിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തും. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്താൻ പരിശീലനവും സംരംഭങ്ങൾ തുടങ്ങാൻ സഹായവും സ്ഥലവും നൽകും.

## ജില്ലാ അതിർത്തിയായ കടവല്ലൂരിൽ പരിശോധന ശക്തമാക്കി കുന്നംകുളം പൊലീസ്

കോവിഡ് 19: പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തൃശ്ശൂർ മലപ്പുറം ജില്ലാ അതിർത്തിയായ കടവല്ലൂർപാടത്ത് പരിശോധന ശക്തമാക്കി കുന്നംകുളം പോലീസ്. കുന്നംകുളം എസ് ഐ ജോയിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പരിശോധന നടത്തുന്നത്.

ശക്തമായ പരിശോധന നടത്തിയാണ് വാഹനങ്ങൾ കടത്തിവിടുന്നത്. രാവിലെ 10 മുതൽ ആരംഭിച്ച പരിശോധനയിൽ മതിയായ രേഖകളില്ലാതെ വരുന്ന വാഹനങ്ങളും അത്യാവശ്യ സേവനങ്ങൾക്കല്ലാതെ വരുന്ന വാഹനങ്ങളുമാണ് പോലീസ് പിടികൂടുന്നത്.

രേഖകളില്ലാതെ വരുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കുന്നംകുളം പോലീസ് അറിയിച്ചു. ജനങ്ങൾ അനാവശ്യ യാത്രകൾ ഒഴിവാക്കി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി സഹകരിക്കണമെന്നും പോലീസ് മുന്നറിയിപ്പ് നൽകി.

## കുന്നംകുളം ബസ് സ്റ്റാൻഡ് ശുചീകരിച്ച് അഗ്നിരക്ഷാസേ

കൊറോണ ബാധയുടെ പശ്ചാത്തലത്തിൽ കുന്നംകുളം അഗ്നിരക്ഷാസേനയുടെ നേതൃത്വത്തിൽ ബസ് സ്റ്റാൻഡ് ശുചീകരിച്ചു. കുന്നംകുളം ഫയർസ്റ്റേഷൻ ഓഫീസർ ബി. വൈശാഖ്, കെ. ജയചന്ദ്രൻ, സീനിയർ ഓഫീസർ ശ്രീകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. വരും ദിവസങ്ങളിലും ശുചീകരണം തുടരുമെന്ന് ഇവർ അറിയിച്ചു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുന്നംകുളം മണ്ഡലത്തിലേക്ക് ചികിത്സാ ധനസഹായം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി എ കെ ബാലന്റെ ചികിത്സാ ധനസഹായ നിധി എന്നിവയിൽ നിന്ന് 21,40,000 (ഇരുപതിയൊന്ന് ലക്ഷത്തി നാൽപതിനായിരം) രൂപയുടെ ധനസഹായം കുന്നംകുളം മണ്ഡലത്തിന് അനുവദിച്ചു. കുന്നംകുളം എംഎൽഎയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ മുഖാന്തിരം അപേക്ഷിച്ച 44 പേർക്കാണ് തുക അനുവദിച്ചത്. മന്ത്രി എ.സി മൊയ്തീൻ അറിയിച്ചിതാണിത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 31 പേർക്ക് 18,50,000 (പതിനെട്ട് ലക്ഷത്തി അൻപതിനായിരം) രൂപയാണ് ചികിത്സ ധനസഹായമായി അനുവദിച്ചത്. ഈ സംഖ്യ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ഓരോ അപേക്ഷകന്റെയും അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ചികിത്സ ധനസഹായ നിധിയിൽ നിന്നും 13 പേർക്ക് 2,90,000 (രണ്ട് ലക്ഷത്തി തൊണ്ണൂറായിരം) രൂപയാണ് അനുവദിച്ചത്. ഈ സംഖ്യ അതാത് അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസർ മുഖാന്തിരം വരവ് വെക്കുമെന്നും മന്ത്രിയുടെ ഓഫീസിൽ നിന്നും അറിയിച്ചു.

## നെല്ല് സംഭരണത്തിൽ സഹകരിക്കണം: സപ്ലൈകോ സിഎംഡി

നെല്ല് സംഭരണം അവശ്യ സേവനമായതിനാൽ ബന്ധപ്പെട്ടവർ സംഭരണത്തിൽ സഹകരിക്കണമെന്ന് സപ്ലൈകോ സി എംഡി പി എം അലി അസ്ഗർ പാഷ അറിയിച്ചു. അത്യാവശ്യ നിയന്ത്രണ നിയമപ്രകാരമാണ് നെല്ല് സംഭരണം നടത്തിവരുന്നത്. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അവശ്യവസ്തുവായ നെല്ല് സംഭരിച്ച് മില്ലുകളിൽ എത്തിക്കേണ്ടതുണ്ട്. ഇതുകണക്കിലെടുത്ത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ച് എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# കൊടുങ്ങല്ലൂരിൽ നഴ്സുമാർക്ക് പ്രത്യേക താമസ സൗകര്യം ഒരുക്കി നഗരസഭ

ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ ബസ് യാത്ര ചെയ്ത് വന്നിരുന്ന നഴ്സ്മാരുൾപ്പെടെയുള്ളവർക്ക് ആശുപത്രിയോട് ചേർന്ന് തന്നെ താമസസൗകര്യം ഒരുക്കി നൽകി നഗരസഭ. ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ അവശ്യ സാധനങ്ങളുടെ ലഭ്യത പരിഹരിക്കാനുള്ള നടപടി നഗരസഭാ തുടങ്ങി. കോട്ടപ്പുറം മാർക്കറ്റും ചന്തയും അടച്ചെങ്കിലും പച്ചക്കറിയുൾപ്പെടെ അവശ്യവസ്തുക്കൾ രാവിലെ 7 മണി മുതൽ വൈകീട്ട് 5 വരെ ലഭ്യമാക്കുവാൻ സൗകര്യമേർപ്പെടുത്തി. ആയിരക്കണക്കിന് ജനങ്ങൾ എത്തിച്ചേർന്നിരുന്ന കോട്ടപ്പുറം മാർക്കറ്റ് അണുനാശിനി ചേർത്ത വെള്ളം പമ്പ് ചെയ്ത് ശുചീകരിച്ചു. ഫയർഫോഴ്സിന്റെ സഹകരണത്തോടെ. ചേരമാൻ പള്ളി പരിസരം, ചന്തപ്പുര, എറിയാട് -കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലും അണുനശീകരണം നടത്തി. കോവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ നഗരസഭയിൽ നിലവിൽ 303 പേരാണ് വീടുകളിൽ നിരീക്ഷണത്തിലുള്ളത്. മേത്തലയിൽ 194 പേരും കൊടുങ്ങല്ലൂരിൽ 109 പേരുമാണ് ഇപ്പോൾ ഐസോലേഷനിൽ നിലവിലുള്ളത്. ഇതു വരെ അയച്ച സാമ്പിളുകളുടെ ഫലമെല്ലാം നെഗറ്റീവാണ്. ഇനി 4 കേസ്സുകളുടെ ഫലം കൂടിയാണ് ലഭിക്കാനുള്ളതുന്നതെന്ന് ചെയർമാൻ കെ ആർ ജൈത്രൻ അറിയിച്ചു.

# എറിയാട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങൾ ശുദ്ധീകരിച്ച് സിവിൽ ഡിഫൻസ് സേ

കോവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ എറിയാട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ കൊടുങ്ങല്ലൂർ സിവിൽ ഡിഫൻസ് സേനയുടെ നേതൃത്വത്തിൽ ശുദ്ധീകരിച്ചു. എറിയാട് പഞ്ചായത്ത്, ഹാർമണി റെസ്ക്യൂ ടീം എന്നിവരുമായി സഹകരിച്ച് ആയിരുന്നു ശുചീകരണ പ്രവർത്തനങ്ങൾ. അഴീക്കോട് ജെട്ടി മുതൽ അബ്ദുള്ള റോഡ് വരെയും, മഞ്ഞന പള്ളി മുതൽ ഹോമിയോ ആശുപത്രി വരെയും രണ്ടു ദിവസങ്ങളിലായാണ് ശുചീകരണം നടത്തിയത്. എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, സെക്രട്ടറി എം കെ സിദ്ദിഖ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ അഡ്വ. വി എം സബാഹ്, അംബിക ശിവപ്രിയൻ, പഞ്ചായത്തംഗം പ്രസീന റാഫി, സിവിൽ ഡിഫൻസ് സേനാംഗങ്ങൾ, റെസ്ക്യൂ ടീം യൂണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഫയർഫോഴ്സ് സ്റ്റേഷൻ ഓഫീസർ കെ.രാജേന്ദ്രനാഥ് നേതൃത്വം നൽകി.

# ആരോഗ്യജാഗ്രത സന്ദേശമുയർത്തി കൊടുങ്ങല്ലൂരിൽ പോലീസിന്റെ റൂട്ട് മാർച്ച്

ആരോഗ്യജാഗ്രത സന്ദേശമുയർത്തി കൊടുങ്ങല്ലൂരിൽ പോലീസ് റൂട്ട് മാർച്ച് നടത്തി. എറിയാട് ചന്തയിൽ നിന്നും ആരംഭിച്ച റൂട്ട് മാർച്ച് അഴീക്കോട് ജെട്ടിയിൽ സമാപിച്ചു. കോവിഡ് 19 വൈറസിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക്ക് ഡൗണിന്റെയും കൊടുങ്ങല്ലൂർ ഭരണി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച നിരോധനാജ്ഞയുടെയും ഭാഗമായിട്ടായിരുന്നു മാർച്ച്. കൊടുങ്ങല്ലൂർ സർക്കിൾ ഇൻസ്പെക്ടർ പി കെ പത്മരാജൻ, എസ് ഐ ഇ ആർ ബൈജു എന്നിവരുടെ നേതൃത്വത്തിലാണ് മാർച്ച് നടത്തിയത്.

***ഫോട്ടോ അടിക്കുറിപ്പ്: കൊടുങ്ങല്ലൂരിൽ ആരോഗ്യജാഗ്രത സന്ദേശമുയർത്തി പോലീസ് നടത്തിയ റൂട്ട് മാർച്ച്***